**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2311** **30-09-2025 - ൽ മറുപടിയ്ക്ക്**

**മാവിളകടവിൽ പ്രവർത്തിക്കുന്ന ഗവ. ആയുർവേദ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ മാവിളക്കടവിൽ പ്രവർത്തിക്കുന്ന ഗവ.ആയുർവേദ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ കുളത്തൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ നിലവിൽ ഒ.പി. വിഭാഗം മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | രോഗികളെ കിടത്തി ചികിത്സ നടത്തുന്നതിന് ഏതൊക്കെ നടപടിക്രമങ്ങൾ ആണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ? | (ബി) | ആയുർവേദ ഡിസ്പെൻസറി ആയുർവേദ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ലഭ്യമാക്കുന്നതിനോടൊപ്പം ആശുപത്രിയുടെ പ്രവർത്തനത്തിന് ആവശ്യമായ പുതിയ തസ്തികകൾ കൂടി സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യകതയിൽ ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥാപന പരിശോധന നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി തീരുമാനം, ചെക്ക് ലിസ്റ്റ് എന്നിവ സഹിതം ലഭ്യമാക്കുന്ന റിപ്പോർട്ട് പരിശോധിച്ച് ബന്ധപ്പെട്ട സ്ഥാപനത്തെ ആശുപത്രിയായി ഉയർത്തുന്നതിനുള്ള ശിപാർശ വകുപ്പ് മേധാവി സർക്കാരിലേക്ക് നൽകുകയും ടി പ്രൊപ്പോസൽ വിശദമായി വിലയിരുത്തി ആവശ്യകത പരിശോധിച്ച് ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ